LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്ന തുക

217 [3189] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തികവർഷം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ സർക്കാർ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത തുകയിൽ വെട്ടിക്കുറച്ച തുക എത്രയാണ്;

(സി) ഈ സാമ്പത്തികവർഷം വകയിരുത്തിയതിൽ ആകെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ പറയാമോ;

(ഡി) ഈ തുക ഓരോ ഘട്ടവും അനുവദിച്ചതിന്റെ തീയതികൾ വിശദമാക്കാമോ;

(ഇ) അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനാവശ്യമായ പ്രായോഗിക കാടിസ്ഥാനത്തിലുള്ള സമയപരിധി അനുവദിച്ചിട്ടുണ്ടായിരുന്നോ;

(എഫ്) അനുവദിച്ചതിൽ എന്തു തുക ചെലവഴിച്ചുവെന്നും ശേഷിച്ച തുക എന്തു ചെയ്തുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തികവർഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ 1350 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(ബി) സംസ്ഥാന വാർഷികപദ്ധതി അടങ്കലിൽ കുറവുവരുത്തിയതിന് അനുസൃതമായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിലും കുറവു വരുത്തി 2004-2005 വർഷത്തിൽ പദ്ധതിവിഹിതമായി 1168.53 കോടി രൂപ അനുവദിച്ചു. കുറവുണ്ടായത് 181.47 കോടി രൂപ.

(സി) ഈ സാമ്പത്തികവർഷം വകയിരുത്തിയ 1375 കോടി രൂപയുടെ 5/12 ഭാഗം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ചു. 572.92 കോടി രൂപ അനുവദിക്കുകയുണ്ടായി.

(ഡി) ഈ തുക 25-4-2005-ലെ സ.ഉ.(സാധാ)1655/05/തസ്വഭവ അനുസരിച്ചാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) 2005-2006 സാമ്പത്തികവർഷം.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പദ്ധതിനിർവ്വഹണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ കാലാവധി

218 [3190] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തിലെ പദ്ധതിനിർവ്വഹണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഏതെങ്കിലും തരത്തിൽ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ;

(ബി) 2005 മാർച്ച് 31-നുമുൻപ് പദ്ധതിനിർവ്വഹണത്തിന്റെ എത്ര ശതമാനം പൂർത്തീകരിക്കണമെന്നായിരുന്നു സർക്കാർ നിർദ്ദേശം;

(സി) മൊത്തം പദ്ധതിയുടെ 85% 2005 മാർച്ച് 31-നുമുമ്പ് പൂർത്തിയാക്കാത്ത എത്ര തദ്ദേശ ഭരണസ്ഥാപനങ്ങൾ ഉണ്ടായിരുന്നു എന്ന് ഇനം തിരിച്ചു പറയാമോ;

(ഡി) ഈ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പദ്ധതിനിർവ്വഹണത്തിന് എത്ര സമയംകൂടി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) നീട്ടിക്കൊടുത്ത സമയത്തിനകം എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ടോ;

(എഫ്) നിശ്ചിതസമയത്തിനകം നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും 2004-2005 വർഷത്തെ മുഴുവൻ തുകയും സർക്കാർ നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-2005 വാർഷികപദ്ധതിയിൽ ഏറ്റെടുത്ത് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ 2005-2006 വാർഷികപദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തീകരിക്കാവുന്നതാണ്. 2004-2005 വാർഷികപദ്ധതിയിലെ ചെലവ് 85 ശതമാനമായി കണക്കാക്കി 85 ശതമാനത്തിൽ കുറവ് ചെലവഴിച്ച പഞ്ചായത്തുകൾക്ക് 85% വരെ തുക ലഭിക്കുന്നതിനുള്ള അധിക പദ്ധതിവിഹിതം നൽകുന്നതാണ്. പ്രസ്തുത വിഹിതം ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ 2005 മേയ് 31-ന് മുൻപ് പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly